"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്തയും സംസ്ഥാന സർവീസ് പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും ക്ഷാമാശ്വാസവും വർദ്ധിപ്പിച്ച നിരക്കിൽ അനുവദിച്ച് — ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (പേ റിസർച്ച് യൂണിറ്റ്) വകുപ്പ്**

സ.ഉ.(അച്ചടി) നം.105/2025/FIN തീയതി,തിരുവനന്തപുരം, 25-08-2025

പരാമർശം:-
1. സ.ഉ.(അച്ചടി) നം.27/2021/ധന തീയതി 10.02.2021
2. സ.ഉ.(അച്ചടി) നം.30/2021/ധന തീയതി 12.02.2021
3. സ.ഉ.(അച്ചടി) നം.29/2025/ധന തീയതി 20.03.2025

**ഉത്തരവ്**

സംസ്ഥാന സർക്കാർ ജീവനക്കാർ, അധ്യാപകർ, എയ്ഡഡ് സ്കൂൾ ജീവനക്കാർ, സ്വകാര്യ കോളേജുകൾ, പോളിടെക്നിക്കുകൾ, മുഴുവൻ സമയ കണ്ടിജന്റ് ജീവനക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവർക്ക് നൽകേണ്ട ക്ഷാമബത്തയുടെയും സംസ്ഥാന സർവീസ് പെൻഷൻകാർ, കുടുംബ പെൻഷൻകാർ, എക്സ്-ഗ്രേഷ്യ പെൻഷൻകാർ, എക്സ്-ഗ്രേഷ്യ ഫാമിലി പെൻഷൻകാർ എന്നിവർക്ക് നൽകേണ്ട ക്ഷാമാശ്വാസത്തിന്റെയും നിരക്കുകൾ നിലവിലുള്ള 15% ൽ നിന്ന് 18% ആയി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. പ്രീ റിവൈസ്ഡ് സ്കെയിലിൽ തുടരുന്ന ജീവനക്കാർക്ക് നൽകേണ്ട ക്ഷാമബത്ത താഴെ ചേർക്കും പ്രകാരം വർദ്ധിപ്പിക്കുന്നു.

| ക്രമ നം. | ശമ്പള പരിഷ്കരണ ഉത്തരവുകൾ | പുതുക്കിയ നിരക്ക് (%) |
|---|---|---|
| 1. | സ.ഉ.(അച്ചടി) നം.7/2016/ധന തീയതി 20.01.2016 | 51 |
| 2. | സ.ഉ.(അച്ചടി) നം.85/2011/ധന തീയതി 26.02.2011 | 185 |
| 3. | സ.ഉ.(അച്ചടി) നം.145/2006/ധന തീയതി 25.03.2006 | 388 |
| 4. | സ.ഉ.(അച്ചടി) നം.3000/98/ധന തീയതി 25.11.1998 | 447 |

3. പ്രീ റിവൈസ്ഡ് സ്കീമിൽ പെൻഷൻ വാങ്ങുന്നവർക്ക് നൽകേണ്ട ക്ഷാമാശ്വാസം താഴെ ചേർക്കും പ്രകാരം വർദ്ധിപ്പിക്കുന്നു.

| ക്രമ നം. | പെൻഷൻ പരിഷ്കരണ ഉത്തരവുകൾ | പുതുക്കിയ നിരക്ക് (%) |
|---|---|---|
| 1. | സ.ഉ.(അച്ചടി) നം.09/2016/ധന തീയതി 20.01.2016 | 51 |
| 2. | സ.ഉ.(അച്ചടി) നം.87/2011/ധന തീയതി 28.02.2011 | 185 |
| 3. | സ.ഉ.(അച്ചടി) നം.180/2006/ധന തീയതി 18.04.2006 | 388 |
| 4. | സ.ഉ.(അച്ചടി) നം.3001/98/ധന തീയതി 25.11.1998 | 447 |

4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ ഉത്തരവ് പ്രകാരമുള്ള അധിക ചെലവുകൾ തനത് ഫണ്ടിൽ നിന്ന് വഹിക്കേണ്ടതാണ് .

5. പാർട്ട് ടൈം അധ്യാപകർക്കും പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്കും പുനർ നിയമനം ലഭിച്ച പെൻഷൻകാർക്കും വർദ്ധിപ്പിച്ച ക്ഷാമബത്ത നിരക്ക് അവർക്ക് ലഭിക്കുന്ന ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ ബാധകമാകുന്നതാണ്.

6. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ / സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ / സ്വയംഭരണ സ്ഥാപനങ്ങൾ / ബോർഡുകൾ / സംസ്ഥാന ക്ഷാമബത്ത / ക്ഷാമാശ്വാസ പാറ്റേൺ അനുസരിച്ചുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർ / പെൻഷൻകാർ എന്നിവർക്ക് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി വർദ്ധിപ്പിച്ച ക്ഷാമബത്ത / ക്ഷാമാശ്വാസ നിരക്കിന് അർഹതയുണ്ട്.

i. ക്ഷാമബത്ത / ക്ഷാമാശ്വാസം എന്നിവ അനുവദിക്കുന്നതിൽ സ്റ്റേറ്റ് പാറ്റേൺ തുടരുന്ന സ്ഥാപനങ്ങൾക്ക്, ഡയറക്ടർ ബോർഡ്/ഗവേണിംഗ് ബോഡി/ മനേജിംഗ് കമ്മിറ്റി/എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവയുടെ തീരുമാനത്തിന് വിധേയമായി, ഈ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച നിരക്കിൽ ക്ഷാമബത്ത/ക്ഷാമാശ്വാസം എന്നിവ സർക്കാരിന്റെ അനുമതിയില്ലാതെ തനത് ഫണ്ടിൽ നിന്നും അവരുടെ ജീവനക്കാർക്കും പെൻഷൻകാർക്കും അനുവദിക്കാവുന്നതാണ്..

ii. ക്ഷാമബത്ത / ക്ഷാമാശ്വാസം എന്നിവ അനുവദിക്കുന്നതിൽ സ്റ്റേറ്റ് പാറ്റേൺ തുടരുന്ന സ്ഥാപനത്തിന് ഇത്തരം ചെലവുകൾ സ്വന്തമായി വഹിക്കാൻ കഴിയുന്നില്ലെങ്കിൽ, ഈ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച നിരക്കിൽ ക്ഷാമബത്ത/ക്ഷാമാശ്വാസം എന്നിവ അനുവദിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. ശമ്പള/പെൻഷൻ ചെലവുകളുടെ 90% ത്തിൽ അധികം സർക്കാരിൽ നിന്നുള്ള പ്ലാൻ/നോൺ പ്ലാൻ ഗ്രാന്റായി നൽകുന്ന സ്ഥാപനങ്ങൾക്ക്, സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ, ഡയറക്ടർമാരുടെ ബോർഡ്/ഗവേണിംഗ് ബോഡി/മാനേജിംഗ് കമ്മിറ്റി/എക്സിക്യൂട്ടീവ് കമ്മിറ്റി

എന്നിവയുടെ അംഗീകാരത്തോടെ വർദ്ധിപ്പിച്ച ക്ഷാമബത്ത/ക്ഷാമാശ്വാസം അനുവദിക്കാം

iii. ക്ഷാമബത്ത/ക്ഷാമാശ്വാസ വർദ്ധനവ് നടപ്പിലാക്കുന്നതിന് പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിക്കാൻ നിർദ്ദേശിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് (ഉദാ. കെ.എസ്.ഇ.ബി, കെ.എസ്.ആർ.ടി.സി മുതലായവ) ഈ ഉത്തരവ് പ്രകാരമുള്ള ക്ഷാമബത്ത/ക്ഷാമാശ്വാസ വർദ്ധനവ് ബാധകമല്ല. അത്തരം സ്ഥാപനങ്ങൾ അവരുടെ ജീവനക്കാർക്കും പെൻഷൻകാർക്കും ക്ഷാമബത്ത/ക്ഷാമാശ്വാസം അനുവദിക്കുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി തേടുന്നതുൾപ്പെടെയുള്ള നിലവിലെ രീതി തുടരണം

7. ഈ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച ക്ഷാമബത്ത 2025 ആഗസ്റ്റ് മാസത്തെ ശമ്പളത്തോടൊപ്പം ലഭിക്കുന്നതാണ്. അതായത്, 2025 സെപ്തംബറിൽ വിതരണം ചെയ്യുന്ന ശമ്പളത്തോടൊപ്പം ലഭിക്കുന്നതാണ്

8. വർദ്ധിപ്പിച്ച ക്ഷാമാശ്വാസം 2025 സെപ്തംബർ മാസത്തെ പെൻഷനോടൊപ്പം ലഭിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്:

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) I/II, കേരളം, തിരുവനന്തപുരം.
3. സെക്രട്ടേറിയറ്റിലെ പൊതുഭരണം, നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലെ എല്ലാ സെക്ഷനുകൾക്കും.
4. എല്ലാ വകുപ്പുകൾക്കും വകുപ്പ് തലവൻമാർക്കും
5. സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം.
6. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
7. അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
8. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/ സ്പെഷ്യൽ സെക്രട്ടറി/ അഡീഷണൽ സെക്രട്ടറി/ ജോയിന്റ് സെക്രട്ടറി/ ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ.
9. ഗവർണറുടെ സെക്രട്ടറി
10. മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
11. പ്രതിപക്ഷ നേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ
12. ബഹു. സ്പീക്കറുടെ/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
13. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
14. എല്ലാ ദേശസാൽകൃത ബാങ്കുകളുടെയും ഹെഡ് ഓഫീസുകൾ.

15. എല്ലാ വകുപ്പ് മേധാവികളും/ഓഫീസുകളും.
16. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും സി.ഇ.ഒ/എം.ഡി.
17. രജിസ്ട്രാർ, എല്ലാ സർവകലാശാലകൾക്കും.
18. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
19. എല്ലാ ജില്ലാ ട്രഷറികൾക്കും സബ് ട്രഷറികൾക്കും.
20. നോഡൽ ഓഫീസർ, www.finance.kerala.gov.in, ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
21. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
22. കരുതൽ ഫയൽ / ഓഫീസ് കോപ്പി (PRU-2/1/2025-FIN).

ഉത്തരവിൻ പ്രകാരം

**Signed by Mini Viji A V**
**Date: 25-08-2025 14:51:34**

സെക്ഷൻ ഓഫീസർ